**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 939** **29-06-2026-ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേയുടെ വികസനം**

| **ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി** |
|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | ശ്രീ. പി. കെ. ബഷീർ |
| ശ്രീ. സുധീർഷാ പാലോട് | (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| ശ്രീ. എം. ആർ. ബൈജു | |

**(എ)** സംസ്ഥാനത്ത് തീരദേശ ഹൈവേയുടെ വികസനത്തെക്കുറിച്ചും നിലവിൽ നടന്ന നിർമ്മാണ പ്രവൃത്തിയിലെ അപാകതകൾ സംബന്ധിച്ചും പ്രത്യേകം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:**

കിഫ്ബി ഫണ്ട് വിനിയോഗിച്ച് കൊണ്ട് നടപ്പിലാക്കുന്ന പദ്ധതികളാണ് കെ.ആർ.എഫ്.ബി -പി.എം.യുവിന്റെ നിർവഹണ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ നിന്നും ആരംഭിച്ച് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് അവസാനിക്കുന്ന 605 കിലോമീറ്റർ ദൈർഘ്യത്തിൽ 9 തീരദേശ ജില്ലകളിലൂടെ കടന്നു പോകുന്ന തീരദേശ ഹൈവേയ്ക്ക് 6500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. ഇതിൽ 508 കിലോമീറ്റർ (43 റീച്ചുകൾ) ആണ് കിഫ്ബി ധനസഹായത്തോടു കൂടി കെ.ആർ.എഫ്.ബി. - പി.എം.യു നടപ്പിലാക്കുന്നത്.

മലപ്പുറം ജില്ലയിലെ 18.5 കി.മീ പ്രവർത്തിക്ക് സാമ്പത്തികാനുമതി നൽകിയെങ്കിലും സ്ഥലം ലഭ്യമായ 9.469 km (റീച്ച് -1 പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെ(5.619 km) & റീച്ച് -3 മുഹ്‌യിദ്ദീൻ പള്ളിമുതൽ കെട്ടുങ്ങൽ വരെ (3.85 Km)) ഭാഗത്തെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടി ഭാഗങ്ങളിൽ അപാകതകൾ ഒന്നും തന്നെ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

**(ബി)** നിർമ്മാണം നടന്ന പലസ്ഥലങ്ങളിലും അലൈൻമെന്റിൽ നിന്നും വ്യതിചലിച്ചതായും അനുവദനീയമായ വീതിയിൽ കുറവാണെന്നുമുള്ള പരാതി പരിശോധിക്കുമോ;

**മറുപടി:** തീരദേശഹൈവേ പ്രവർത്തി പൂർത്തീകരിച്ച ഭാഗങ്ങളിൽ അംഗീകരിച്ച അലൈൻമെന്റിൽ തന്നെയാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. തീരദേശഹൈവേക്ക് അനുവദനീയമായ വീതിയിൽ കുറവായി റോഡ് നിർമ്മാണം നടത്തിയിട്ടില്ല.

**(സി)** തീരദേശ വികസനത്തിനും തീരദേശജനതയുടെ പുരോഗതിയ്ക്കും സമാന്തര റോഡുകളിലെ തിരക്ക് കുറയ്ക്കാനും തീരദേശ ഹൈവേ പ്രയോജനപ്രദമാകും എന്നത് കണക്കിലെടുത്ത് പ്രസ്തുത പാതയുടെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കാൻ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കാമോ?

**മറുപടി:** ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമ ഘട്ടത്തിലായ കോഴിക്കോട് ജില്ലയിലെ 10.60 km (റീച്ച് -കോടിക്കൽ മുതൽ കൊളാവിപ്പാലം വരെ- 7.8 km , റീച്ച് - കൊളാവിപ്പാലം മുതൽ

കോട്ടക്കൽകടവ് വരെ -2.8km ) ടെൻഡർ നടപടികൾ പൂർത്തിയാക്കി Letter of Acceptance നൽകിയിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലെ പാലക്കോട് മുതൽ കുന്നരു സിറ്റി വരെയുള്ള (4.6 km) റീച്ച് ടെൻഡർ നടപടികൾ പൂർത്തിയാക്കി Letter of Acceptance നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ വലിയപറമ്പ പാലം (0.44 km) പ്രവർത്തിയും ടെൻഡർ ചെയ്തിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തി ആരംഭിക്കുന്നതാണ്. എഗ്രിമെന്റ് നിർവഹിക്കുന്നതുമായി ബന്ധപ്പെട്ട് KIIFB തുടർനടപടികൾ നിലവിൽ നിർത്തിവയ്ക്കാൻ നിർദ്ദേശിച്ച സാഹചര്യത്തിൽ, KIIFBയിൽ നിന്ന് തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതുവരെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.ശേഷിക്കുന്ന ഭാഗം ഭൂമി ഏറ്റെടുക്കൽ നടപടികളുടെ വിവിധ ഘട്ടങ്ങളിലുമാണ് .

**സെക്ഷൻ ഓഫീസർ**